കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നാദാപുരം ഗ്രാമപഞ്ചായത്ത് - 2018-19 വാർഷിക പദ്ധതി - പട്ടികജാതി വിഭാഗത്തിൽപെട്ട കുടുംബങ്ങൾക്ക് സൗരറാന്തൽ വിതരണം ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം. 1083/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 29.05.2019.

---

പരാമർശം : 1) നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.12.2018 ലെ 196/2018 നമ്പർ കത്ത്

2) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019 ലെ 4.7 നമ്പർ യോഗതീരുമാനം.

3) സ.ഉ(കൈ) 22/2018/തസ്വഭവ തീയതി 14.02.2018

## ഉത്തരവ്

നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊജക്റ്റ് നമ്പർ 41/2019 പട്ടികജാതി കുടുംബങ്ങൾക്ക് സൗര റാന്തൽ എന്ന പദ്ധതിക്കായി 2,70,000/- രൂപ വകയിരുത്തി ഡി.പി.സി അംഗീകാരം നേടിയിരുന്നു. പരാമർശം(3) ലെ ഉത്തരവ് പ്രകാരം വൈദ്യുതി എത്താത്ത പ്രദേശങ്ങളിലെ SCST വിഭാഗങ്ങൾക്ക് മാത്രമേ സൗരറാന്തൽ നൽകുവാൻ സാധിക്കുകയുള്ളൂ. നാദാപുരം ഗ്രാമപഞ്ചായത്തിൽ SC കോളനികൾ ഇല്ലാത്തതിനാലും പട്ടികജാതി ജനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറി കിടക്കുന്നതിനാലും നിർവഹണത്തിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുവെന്നും കൂടാതെ പാരമ്പര്യേതര ഊർജ്ജ ഉപയോഗം സംരക്ഷിക്കുന്നതിനും പട്ടികജാതി വികസന ഫണ്ട് നഷ്ടപെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ടി പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതിന് പ്രത്യേക അനുമതിക്കായി പരാമർശം (1) പ്രകാരം നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സൗരറാന്തൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

പ്രസിഡന്റ്/സെക്രട്ടറി, നാദാപുരം ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, സംസ്ഥാനറിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ